(ബി) ഭരണഘടനയനുസരിച്ചു ഇൻഷ്വറൻസ് ഒരു കേന്ദ്ര വിഷയമാണ്. കേന്ദ്രഗവണ്മെൻറ് ദേശസാൽക്കരിച്ചിട്ടുള്ള ഇൻഷ്വറൻസ് കമ്പനികളിലെ പണം ഈ സംസ്ഥാനത്തിൽ തന്നെ സർക്കുലേറ്റ ചെയ്യണമെങ്കിൽ അതിനുള്ള വ്യവസ്ഥകൾ പാർലിമെൻറും കേന്ദ്രഗവണ്മെൻറും ആണ് തീരുമാനിക്കേണ്ടത്. ഈ അടുത്ത കാലത്തു് ഇതുസംബന്ധിച്ചു ഒരു ബിൽ പാർലമെൻറിൽ അവതരിപ്പിച്ചിട്ടുണ്ട്.

ശ്രീ. ഡി. വിവേകാനന്ദൻ: അങ്ങനെ ആ പണം ഇവിടെ തന്നെ സർക്കുലേറ്റ ചെയ്യുന്നതിനു കേന്ദ്രത്തോടാവശ്യപ്പെടാൻ ഈ ഗവണ്മെൻറ് സന്നദ്ധമാണോ?

ശ്രീ. എ. ജെ. ജാൻ: അതു സാധിക്കുമെന്നു തോന്നുന്നില്ല. വ്യവസായങ്ങൾക്കാവശ്യമായ പണം ഗ്രാൻറായോ ലോണായോ ലഭിക്കുന്ന കാര്യത്തെപ്പറ്റി അന്വേഷിക്കാം. അല്ലാതെ ഈ പണം ഇവിടെ സർക്കുലേറ്റ ചെയ്യണമെന്നു പറഞ്ഞാൽ സാധിക്കുമോ എന്നു സംശയമാണ്.

ശ്രീ ഡി. വിവേകാനന്ദൻ: അങ്ങനെ ആവശ്യപ്പെടുന്നതു ന്യായമല്ലേ?

ശ്രീ. എ. ജെ. ജാൻ: അങ്ങനെ ഉപയോഗപ്പെടുത്തുന്നതിനുകൂടിയായിരിക്കും ഇതു നാഷണലൈസ് ചെയ്യുന്നതു്.

SHRI P. S. NATARAJA PILLAI: May I know what is the exact position as regards State Insurance Funds?

SHRI A. J. JOHN: That is a matter to be finally decided. At present it is not very clear.

ആയുർവ്വേദ കോളേജിലെ വിദ്യാർത്ഥീവിദ്യാർത്ഥിനികൾ.

*43 [15] ശ്രീ. എൻ. ജി. ചാക്കോ: താഴെകാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ആയുർവ്വേദ കോളേജിലെ വിദ്യാർത്ഥീ വിദ്യാർത്ഥിനികൾ ഈ വർഷം ക്ലാസ്സുകൾ ബോയിക്കോട്ട ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻറെ കാരണം എന്തു്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം): (എ) ആയുർവ്വേദ കോളേജിലെ വിദ്യാർത്ഥീ വിദ്യാർത്ഥിനികൾ ഈ വർഷം ക്ലാസ്സുകൾ ബഹിഷ്കരിച്ചു പണിമുടക്കു നടത്തിയിട്ടുണ്ടു്.

(ബി) ആയുർവ്വേദ വിദ്യാർത്ഥികൾ ആയുർവ്വേദവും അലോപ്പതിയും പഠിക്കുന്നതുകൊണ്ടു് അവരെ പ്രാക്ടീസുചെയ്യാൻ അനുവദിക്കണം, അവർക്കു് ഡിഗ്രികോഴ്സും ഡിപ്ലോമാകോഴ്സും അനുവദിച്ചിട്ടുള്ളതു്, അതായതു്, ബി. എ. എം. എസ്. ഡിഗ്രി കൊടുക്കണമെന്നും മറ്റും അവകാശങ്ങളുടെ പേരിലുമാണു അവർ പഠിപ്പു മുടക്കിയിരിക്കുന്നതു്.

ശ്രീ. എൻ. ജി. ചാക്കോ: അവിടെ ആവശ്യമുള്ള സ്റ്റാഫിനെ നിയമിച്ചുകഴിഞ്ഞുവെന്നു അവർ ആവശ്യപ്പെട്ടിട്ടില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. റഹിം : ആവശ്യമുള്ള പ്രിൻസിപ്പാളിനെയും സ്റ്റാഫിനെയും നിയമിച്ചു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ടി ടി. കേശവൻശാസ്ത്രി : അവരുടെ ആവശ്യങ്ങളെല്ലാം സാധിച്ചുകിട്ടുന്നതിനുവേണ്ടി ക്ലാസ്സുകൾ ബായിക്കോട്ട ചെയ്തിട്ട ഇപ്പോൾ എത്ര കാലമായി ?

ശ്രീ. എ. എ. റഹിം : ഒരു മാസത്തിൽ കൂടുതലായി.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : അവരുടെ ആവശ്യങ്ങളിൽ എതെല്ലാം അനുവദിച്ചുകൊടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എ. എ. റഹിം : പ്രിൻസിപ്പാളിനേയും അദ്ധ്യാപകന്മാരെയും നിയമിക്കണമെന്നുള്ള ആവശ്യം നിറവേറ്റിക്കഴിഞ്ഞു.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ആയുർവ്വേദകാളേജിലെ വിദ്യാർത്ഥികൾ അലോപ്പതി പ്രാക്റ്റീസുചെയ്യണമെന്നാണോ, സിലബസ്സനുസരിച്ച് പഠിച്ചതു പ്രാക്റ്റീസുചെയ്യണമെന്നാണോ പറയുന്നതു?

ശ്രീ. എ. എ. റഹിം : "മോഡേൺ മെഡിസിൻ" പ്രാക്റ്റീസു ചെയ്യണമെന്നാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : പഠിച്ചതു പ്രാക്റ്റീസു ചെയ്യണമെന്നല്ലേ ആവശ്യപ്പെടുന്നതു?

ശ്രീ. എ. എ. റഹിം : അവരുടെ ആവശ്യം ആയുർവ്വേദം കൂടാതെ മോഡേൺമെഡിസിൻകൂടി പ്രാക്റ്റീസുചെയ്യണമെന്നുള്ളതാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അവർ സിലബസ്സനുസരിച്ച് പഠിച്ചിട്ടുള്ളതു പ്രാക്റ്റീസുചെയ്യണമെന്നല്ലേ ആവശ്യപ്പെടുന്നതു?

ശ്രീ. എ. എ. റഹിം : അവർ പൂർണ്ണമായി പഠിച്ചിട്ടുള്ളതു പ്രാക്റ്റീസുചെയ്യുന്നതിൽ ആക്ഷേപം എതിരില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അവർ സിലബസ്സനുസരിച്ചു പഠിച്ചതു പ്രാക്റ്റീസുചെയ്യാൻ അനുവദിക്കുന്ന ഒരു പ്രഖ്യാപനം ഇന്നുതന്നെ നടത്തി ഇപ്പോഴത്തെ ഗുരുതരമായ അവസ്ഥ അവസാനിപ്പിക്കുമോ?

ശ്രീ. എ. എ. റഹിം : സിലബസ്സിൽ ഉള്ളതെല്ലാം പ്രാക്റ്റീസു ചെയ്യാനാണെന്നു അർത്ഥമില്ല

ശ്രീ. പി. എസ്. നടരാജപിള്ള : പഠിച്ചതു പ്രാക്റ്റീസുചെയ്യുന്നതിനു രജിസ്റ്റർ ചെയ്യാതെ ഒക്കുമോ?

ശ്രീ. എ. എ. റഹിം : ഒക്കുകയില്ല. രജിസ്റ്റർചെയ്യാൻ പ്രത്യേകം കൗൺസിലും ഉണ്ടു്.

ശ്രീ. പി. എസ്. നടരാജപിള്ള : വ്യവസ്ഥചെയ്തിട്ടുള്ള ക്വാളിഫിക്കേഷൻ ഇല്ലാതെ രജിസ്റ്റർചെയ്യാൻ ഒക്കുമോ?

ശ്രീ. എ. എ. റഹിം : ഒക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. നടരാജപിള്ള: മോഡേൺ മെഡിസൻ പ്രാക്റ്റീ സുചെയ്യുന്നതിനുള്ള യോഗ്യതയും Indigenous medicine പ്രാക്റ്റീസ് ചെയ്യാൻ അതിനുവേണ്ട യോഗ്യതയും ഉണ്ടായിരുന്നാലല്ലേ രജിസ്റ്റർ ചെയ്യുകയുള്ളൂ?

ശ്രീ. എ. എ. റഹിം: അതേ ഉള്ളൂ.

ശ്രീ. പി. എസ്. നടരാജപിള്ള: യൂണിവേർസിറ്റിക്കു് ഇതിൽ കാര്യമുണ്ടോ?

ശ്രീ. എ. എ. റഹിം: യൂണിവേർസിറ്റിയാണു് ഇതിനു വേണ്ട ഡിഗ്രി ഏർപ്പെടുത്തിയിട്ടുള്ളതു്. അതു് അംഗീകരിക്കാൻ അതാതു കൗൺസിലുകൾക്കു അനുവാദമുണ്ടു്.

ശ്രീ. പി. എസ്. നടരാജപിള്ള: യൂണിവേർസിറ്റി ഡിഗ്രി കൗൺസിൽ അംഗീകരിക്കണമെന്ന വ്യവസ്ഥയുണ്ടോ?

ശ്രീ. എ. എ. റഹിം: ഉണ്ടു്.

ശ്രീ. പി. എസ്. നടരാജപിള്ള: ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള ആയുർവ്വേദത്തിനുള്ള ഡിഗ്രിയെ മോഡേൺ മെഡിസിന്റെ ഡിഗ്രിയായി സ്വീകരിക്കണമെന്ന നിർദ്ദേശത്തെ മെഡിക്കൽകൗൺസിൽ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: ഇല്ല.

ശ്രീ. എ. താണുപിള്ള: ഈ ബായിക്കാട്ട് അവസാനിപ്പിക്കാൻ ഗവണ്മെന്റ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടു്?

ശ്രീ. എ. എ. റഹിം: പ്രധാനമായി അവരുടെ മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിരുന്ന പ്രിൻസ്പ്പാളിനേയും സ്റ്റാഫിൽ കുറവുണ്ടായിരുന്ന അദ്ധ്യാപകന്മാരെയും നിയമിച്ചു. ആ അടിസ്ഥാനത്തിൽ ബായിക്കാട്ട് അവസാനിപ്പിക്കാമെന്നാണു് വിചാരിച്ചിരുന്നതു്. അതു കൂടാതെ മോഡേൺ മെഡിസിൻ പ്രാക്റ്റീസ് ചെയ്യാൻ അനുവദിക്കണമെന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ മൂന്നംഗങ്ങളുള്ള ഒരു കമ്മിറ്റിയെ നിയമിക്കുകയും അവരുടെ റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ടു്. അതിന്മേൽ എന്തു നടപടികളെടുക്കാൻ സാധിക്കുമെന്നു ഗവണ്മെന്റ് ആലോചിച്ചുകൊണ്ടിരിക്കയാണു്.

ശ്രീ. എ. താണുപിള്ള: ആ റിപ്പോർട്ടിൽ എന്താണു് പ്രധാനമായി ശുപാർശ ചെയ്തിട്ടുള്ളതെന്നു പറയാൻ തടസ്സമുണ്ടോ?

ശ്രീ. എ. എ. റഹിം: റിപ്പോർട്ട് ഗവണ്മെന്റ് പഠിച്ചശേഷമേ പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. എ. താണുപിള്ള: പ്രിൻസിപ്പാളിനെ നിയമിച്ചതു് ഒരു "വിസിറ്റിംഗ്" പ്രിൻസിപ്പാളായിട്ടാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. റഹിം : ഈ കോളേജിന്റെ ആവശ്യത്തിനു ആയുർവ്വേദവും അലോപ്പതിയും, പരിജ്ഞാനവും പ്രിൻസിപ്പാളായിരുന്ന യോഗ്യതയും ഉള്ള ഒരാളെ അന്വേഷിച്ചപ്പോൾ ഇങ്ങനെയുള്ള ഒരാളെ മാത്രമേ ലഭിച്ചുള്ളൂ. അദ്ദേഹം "ആണെങ്കിൽ" പ്രിൻസിപ്പാളായി ഇരിക്കാനെ നിവൃത്തിയുള്ളൂ എന്നു പറഞ്ഞു. പെട്ടെന്നു് മറ്റൊരാളിനെ കിട്ടാത്തതു കൊണ്ടു് തൽക്കാലം ഇവിടത്തെ ആവശ്യത്തെ പരിഗണിച്ചു് അദ്ദേഹത്തെ നിയമിച്ചിട്ടുള്ളതാണു്.

ശ്രീ. എ. താണുപിള്ള : അദ്ദേഹം മാസത്തിൽ ഒരു പ്രാവശ്യം രണ്ടു മൂന്നുദിവസം ഇവിടെവന്നു താമസിച്ചിട്ടു് തിരികെ പോകുമെന്നു പറയുന്നതു വാസ്തവമാണോ?

ശ്രീ. എ. എ. റഹിം : ഇവിടെ ആവശ്യമുള്ള എല്ലാദിവസവും ഇവിടെത്തന്നെ ഉണ്ടായിരിക്കുമെന്ന നിലയിലാണു് നിയമിച്ചിട്ടുള്ളതു്.

ശ്രീ. എ. താണുപിള്ള : അദ്ദേഹം ഇപ്പോഴും ഇവിടെ ഉണ്ടോ?

ശ്രീ. എ. എ. റഹിം : ഉണ്ടു്.

ശ്രീ. എ. താണുപിള്ള : അദ്ദേഹത്തിനു എന്താണു് പ്രതിഫലം കൊടുക്കുന്നതു്?

ശ്രീ. എ. എ. റഹിം : യാത്രച്ചെലവും മറ്റു താമസസൗകര്യങ്ങളും.

ശ്രീ. എ. താണുപിള്ള : നിയമിച്ചതു മുതൽ ഇന്നുവരെ ഇവിടെത്തന്നെ താമസിക്കുകയാണോ?

ശ്രീ. എ. എ. റഹിം : അതെ.

ശ്രീ. എ. താണുപിള്ള : ഇവരുടെ സിലബസ് എഴുതിയതു് ആരാണു്?

ശ്രീ. എ. എ. റഹിം : മാക്കൊട്ടി എഴുതിയ യൂണിവേഴ്സിറ്റി അംഗീകരിച്ചതാണിട്ടാണു് അറിവു്.

ശ്രീ. എ. താണുപിള്ള : ഗവണ്മെന്റു പരിശോധിച്ചശേഷമാണോ സിലബസ് അംഗീകരിച്ചതു്?

ശ്രീ. എ. എ. റഹിം : യൂണിവേഴ്സിറ്റി അംഗീകരിച്ചതു് ഗവണ്മെന്റു സ്വീകരിക്കുകയാണു് ചെയ്തതു്. ഈ സിലബസ് അംഗീകരിച്ച സന്ദർഭത്തിൽ ഉണ്ടായിരുന്ന ഉദ്ദേശം, ആയുർവ്വേദ സയൻസ് വിപുലപ്പെടുത്തി ശാസ്ത്രീയമായവിധത്തിൽ ആക്കിത്തീർക്കുന്നതിനുവേണ്ടി മോഡേൺ മെഡിസിനിലുള്ള എതാനും വിഷയങ്ങൾകൂടി പഠിപ്പിക്കാൻ നിശ്ചയിച്ചു എന്നായിരുന്നു എന്നാണു് മനസ്സിലാക്കുന്നതു്.

ശ്രീ. എ. താണുപിള്ള : ഇവർക്കു് അലോപ്പതി സംബന്ധിച്ചുള്ള സിലബസ് എം. ബി. ബി. എസ്സിനുള്ളതുതന്നെയാണെന്നു കേൾക്കുന്നതു ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. റഹിം : അതു് അത്രത്തോളം ശരിയല്ല. "മോഡേൺ മെഡിസിൻ" സംബന്ധിച്ചു ള്ള ചില വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നേ ഉള്ളൂ. ഏകദേശം പീരീഡിൽ 60 ശതമാനം ആയുർവ്വേദവും 40 ശതമാനം മോഡേൺ മെഡിസിനും പഠിപ്പിക്കാനാണു് നിശ്ചയിച്ചിട്ടുള്ളതു്. എം. ബി. ബി. എസ്. പഠിപ്പിക്കുന്ന കോളേജിൽ 5 കൊല്ലം കൊണ്ടു് പഠിക്കുമ്പോൾ ഇവിടെ അതിന്റെ 40 ശതമാനം സമയമാണു് അലോപ്പതി പഠിക്കാൻ വച്ചിട്ടുള്ളതു്. അതുകൊണ്ടുതന്നെ ഒരു ജനറൽ സ്റ്റഡി അല്ലാതെ ഡീറെയിൽഡ് സ്റ്റഡി നൽകാൻ ഒക്കുകയില്ലെന്നുള്ളതും അതിനു സമയമില്ലെന്നുള്ളതും വ്യക്തമാണു്.

ശ്രീ. എ. താണുപിള്ള : ഒരു കമ്മിറ്റിയെ നിയമിച്ചതിനു് ഏതാണു് റഫർചെയ്തിരുന്നതു്?

ശ്രീ. എ. എ. റഹിം : ഈ കോളേജിലെ പ്രിൻസിപ്പാളിനു എന്തു യോഗ്യത ഉണ്ടായിരിക്കണമെന്നുള്ളതും പഠിച്ചിട്ടുള്ള സബ്ജക്റ്റ് പ്രാക്റ്റീസുചെയ്യാൻ അനുവദിക്കാമോ എന്നുള്ളതുമാണു്.

ശ്രീ. എ. താണുപിള്ള : ആദ്യത്തെ ബാച്ചുകാരുടെ അവസാന വർഷമാണോ ഇതു്?

ശ്രീ. എ. എ. റഹിം : അതേ.

ശ്രീ. എ. താണുപിള്ള : സിലബസ് അനുസരിച്ചു് പഠിപ്പിച്ചു കഴിഞ്ഞു "ഫൈനൽ ഇയർ" എത്തിയപ്പോഴാണോ പഠിച്ചതു പ്രാക്റ്റീസ് ചെയ്യാമോ എന്നു് ആലോചിക്കേണ്ടിവന്നതു്?

ശ്രീ. എ. എ. റഹിം : ഇതു് നാലാമത്തെ വർഷമാണു്. ഇതിനുമുമ്പു് ഇങ്ങനെ ഒരു ചോദ്യം ഉന്നയിച്ചിരുന്നില്ല. കഴിഞ്ഞ അസംബ്ലി സമയത്തു സ്റ്റാഫിന്റെ കാര്യം മാത്രമേ ഉന്നയിച്ചിരുന്നുള്ളൂ. അലോപ്പതി പ്രാക്ടീസ് ചെയ്യാൻ അനുവദിക്കണമെന്നുള്ള അഭിപ്രായം വളരെ കുറച്ചു ദിവസങ്ങൾക്കു മുമ്പാണു ഗവണ്മെന്റിനു ലഭിച്ചതു്. അതുവരെ ആയുർവ്വേദത്തെ കൂടുതൽ വിപുലപ്പെടുത്തണം, അതു ശാസ്ത്രീയമായ രൂപത്തിൽ കൊണ്ടുവരണം, അലോപ്പതി സംബന്ധമായ ചില വിഷയങ്ങൾ പഠിപ്പിക്കണം എന്നാണു ഗവണ്മെന്റ് ധരിച്ചിരുന്നതു്.

ശ്രീ. എ. താണുപിള്ള : ഈ കുഴപ്പങ്ങൾക്കൊക്കെ കാരണം യൂണിവേഴ്സിറ്റിയോ, സിലബസ് എഴുതിയവരോ?

SHRI T. T. DANIEL : Sir, a point of order How many questions can a member ask at a time ?

MR. SPEAKER : Any number of questions, I have said that even before.

ശ്രീ. എ. എ. റഹിം: കുഴപ്പത്തിനുകാരണം ആരാണെന്നു വ്യക്തമായി പറയാൻ സാധിക്കുകയില്ല. പഠനം തുടങ്ങിയിട്ടു മൂന്നാലുവർഷങ്ങളായി. സിലബസ്സ് എഴുതിയ സന്ദർഭത്തിൽ ആരുംതന്നെ അതു ശ്രദ്ധിച്ചില്ലെന്നാണു എനിക്കു ഒടുവിൽ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. പഠിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly

പ്രാക്ടീസ് ചെയ്യണമെന്നുള്ള കാര്യംതന്നെ പരീക്ഷ പാസ്സായശേഷം വരുന്ന ഒരു പ്രശ്നമാണ്. പ്രാക്ടീസ് ചെയ്യാൻ അനുവദിച്ചേ ക്ലാസിൽ കയറൂ എന്നാണ് വിദ്യാർത്ഥികളുടെ നിർബന്ധം. പാസ്സായശേഷം അതു സംബന്ധിച്ച് ആലോചിക്കാമെന്നുള്ളതുകൊണ്ടാണ് ഗവണ്മെൻറ് അക്കാര്യം ആലോചിക്കാതിരുന്നത്. ഇതിൽ എന്തു ചെയ്യാൻ സാധിക്കുമെന്ന് ഗവണ്മെൻറ് അന്വേഷിക്കുന്നുണ്ട്.

ശ്രീ. എ. താണുപിള്ള : കട്ടപ്പിൽ കമ്മിറ്റിയെ നിയമിച്ചതു് ഗവണ്മെൻറാണോ യൂണിവേഴ്സിറ്റിയാണോ?

ശ്രീ. എ. എ. റഹിം . ഗവണ്മെൻറാണ്. ഇതു സംബന്ധിച്ചു പൂർണ്ണ വിവരം ഗവണ്മെൻറിന് കിട്ടേണ്ട ആവശ്യമുള്ളതുകൊണ്ട് കമ്മിറ്റിയെ നിയമിച്ചു.

ஸ்ரீ. எ. சிதம்பரநாதநாடார் : ஸர், ஒரு பாயின்ட் ஆப் ஆர்டர். இந்த அசெம்பிளி வைத்திருக்கிறது மிஸ்டர் பட்டம் தாணுபிள்ளைக்கு வேண்டியா அல்லது எல்லா அங்கத்தினர்களுக்கும் வேண்டியா என்று கேட்கிறேன்.

MR. SPEAKER : There is no point in that.

ശ്രീ. എ. താണുപിള്ള : എത്ര ദിവസത്തിനകം ഈ കമ്മിറ്റി തീരുമെന്നു പറയാമോ? ലക്ഷക്കണക്കിനു രൂപയും ചെലവാക്കി വലിയ കെട്ടിടം കെട്ടി പ്രഗത്ഭരായ പ്രിൻസിപ്പാളിനെയും വരുത്തിയിട്ട് കട്ടികൊണ്ട് അങ്ങോട്ടും ഇങ്ങോട്ടും അലഞ്ഞുതിരിഞ്ഞുനടക്കുന്നു.

ശ്രീ എ. എ. റഹിം : കട്ടികൊണ്ട് അങ്ങോട്ടുമിങ്ങോട്ടും അലഞ്ഞുനടക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കിട്ടിയിട്ടുള്ള റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ഗവണ്മെൻറ് ഒരു തീരുമാനമെടുക്കും.

ശ്രീ. എ. താണുപിള്ള : എത്ര ദിവസത്തിനകം തീരുമാനമെടുക്കാൻ കഴിയും?

ശ്രീ എ. എ. റഹിം : ഇതു സംബന്ധിച്ചു് ഒരു നിയമം നിലവിലുള്ളതുകൊണ്ട് പെട്ടന്ന് ഒരു തീരുമാനമെടുക്കാൻ പ്രയാസമുണ്ട്. അതിൻ പ്രകാരം മോഡേൺ മെഡിസിൻ പ്രാക്ടീസ് ചെയ്യണമെങ്കിൽ സിലബസ് മെഡിക്കൽ കൌൺസിൽ അംഗീകരിച്ചിരിക്കണം. അതിനൊക്കെ കുറച്ചു കാലതാമസം വരും.

ശ്രീ. എ. താണുപിള്ള : നിയമം മാറ്റണമെങ്കിൽ ഈ സെഷനിൽ തന്നെ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ എ. എ. റഹിം : നിയമം മാറ്റണമെന്നാണ് തീരുമാനിക്കുന്നതെങ്കിൽ അതിനു ശ്രമിക്കാം.

ஸ்ரீ. எ. சிதம்பரநாதநாடார் : இந்த ஸைலபஸை படித்துப் பார்த்தால் பத்து வருடத்திற்குள்ளும் இந்த கோர்ஸ் தீராது என்று மந்திரி அவர்களுக்கு தெரியுமா?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ എ. റഹിം: ഇത് ഉള്ള സിലബസ്സ് 10 വർഷംകൊണ്ടോ 6 വർഷം കൊണ്ടോ 6 മാസം കൊണ്ടോ പഠിക്കാം. അത് പഠിക്കുന്നതിന്റെ രീതി അനുസരിച്ചിരിക്കും

SHRI T. T. DANIEL : Is the Member aware that the students are going to start hunger strike from to-day?

ശ്രീ. എ. എ. റഹിം : അത് അറിവില്ല.

SHRI T. T. DANIEL : Is the Member aware that in the prospectus there is no suggestion that all the subjects will be taught so that those students will be able to practise in Modern medicine?

ശ്രീ. എ. എ. റഹിം : അങ്ങനെ ഒന്നുമില്ല.

ശ്രീ. കെ. കൊച്ചുകുഞ്ഞു് : വിദ്യാർത്ഥികളുടെ പരാതികളെ പരിഗണിച്ചു് ബഹുമാനപ്പെട്ട മന്ത്രി നേരിട്ടു വല്ല അന്വേഷണങ്ങളും നടത്തിയിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം : ഇതെല്ലാം മന്ത്രി നടത്തിയ അന്വേഷണത്തിൽ നിന്നുമാണു പറഞ്ഞിട്ടുള്ളതു്.

ശ്രീ. കെ. സി. ജാർജ്ജു് : ഇവർക്കു സജ്ജറി നടത്തുന്നതിനും അലോപ്പതി പ്രാക്ടീസ് ചെയ്യുന്നതിനും അനുവദിക്കണമെന്നുള്ള ധാരണ ഗവണ്മെന്റ് ഉണ്ടാക്കിയിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം : ഇല്ല. നാലു വർഷംകൊണ്ടു് വൈദ്യനും ഡാക്ടറും ഒരു സമയത്തു് ആവാമെന്നുള്ള ധാരണ തെറ്റാണു്.

WRITTEN ANSWERS.

ഹൌസിംഗ് സ്കീം അനുസരിച്ചു പണം വായ്പ.

* 44. [16] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) Small Income Group Housing Scheme അനുസരിച്ചു് പണം വായ്പ കൊടുക്കുന്നതിനുള്ള നിയമങ്ങൾ ഗവണ്മെന്റ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ?

(ബി) എത്ര അപേക്ഷകൾക്കു് ഇതുവരെ വായ്പ കൊടുത്തിട്ടുണ്ടു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 1-11-1955-ലെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

(ബി) ആരും ഇതുവരെ വായ്പ കൊടുത്തിട്ടില്ല. ഏതാനും അപേക്ഷകൾ കിട്ടിയിട്ടുണ്ടു്. അവ ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly